[Choudhuri G. S. Dhara Singh]

(ബി) എതെങ്കിലും ഒരു ലേബർ യൂണിയനു സ്റ്റിഫിക്കറു കൊടുക്കുവാൻ ഏറവും കൂടുതൽ സമയം എത്രയായിട്ടുണ്ടെന്നു ഗവണ്മെണ്ടിനു പറയുവാൻ സാധിക്കുമോ;

(സി) പള്ളുരുത്തി കല്ലുക ഓയിൽമിൽ ലേബർ യൂണിയൻ എന്നാണു രജിസ്ട്രേഷൻ കിട്ടാൻ അപേക്ഷിച്ചതു; ഇതുവരേക്കും രജിസ്ട്രേഷൻ സർട്ടിഫിക്കറു നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) വളരെ താമസം നേരിടാറില്ല.

(ബി) സാധിക്കും. ആറുമാസം ഇരുപത്തിമൂന്നു ദിവസം.

(സി) ഫൻ—നു— ഫൻ ര ഉ—ൽ ഇല്ല. ട്രെയിഡ് യൂണിയൻ നിയമം അനുസരിച്ചു രജിസ്റ്റർ ചെയ്യുന്നതിനു അപേക്ഷയോടുകൂടിയുള്ള നിയമാവലിയിൽ ചില ഭേദഗതികൾ വരുത്തികിട്ടേണ്ടതു് ഇതുവരേയും കിട്ടാഞ്ഞതുകൊണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ: ൩ മാസത്തെ താമസം, ഒരു താമസമല്ലെന്നാണോ, ഗവണ്മെണ്ടു പറയുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു വളരെ താമസമല്ലായെന്നാണു പറയുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: നിയമാവലിയിൽ ചില ഭേദഗതികൾ വരുത്തി കിട്ടാത്തതുകൊണ്ടാണു് ഈ താമസം നേരിട്ടതു എന്നു പറയുന്നു. ഇവിടത്തെ ട്രേഡുയൂണിയൻ അതുനുസരിച്ചു ശരിയായി നിയമാവലി എഴുതി ഉണ്ടാക്കാനുള്ള സഹായം ഗവണ്മെണ്ടിൽ നിന്നു ചെയ്തു കൊടുത്താൽ ഈ കാലതാമസം കൂടാതെ കഴിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: തൊഴിലാളി യൂണിയനുകൾക്കു് ഒരു ട്രാഫ്റ്റിംഗ് അസിസ്റ്റൻറ് കൊടുക്കണമെന്നാണു് പറയുന്നതെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

മിസ്റ്റർ പി. കെ. ഡീവർ: മോഡൽ നിയമങ്ങൾ ഗവണ്മെൻറു ഉണ്ടാക്കി പ്രസിദ്ധപ്പെടുത്താൻ ആലോചിക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ആലോചിക്കാം.

DELIVERY OF LETTERS

392. മിസ്റ്റർ എം. ഒ. തോമക്കുട്ടി: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) കക്ഷികൾ വിലാസം ശരിയായി എഴുതാതെയുള്ള കത്തുകൾ അഞ്ചൽ ശിപായിമാർ മടക്കുമ്പോൾ അവരെ ആ കുററത്തിനു ശിക്ഷിക്കാറുണ്ടോ;

(ബി) ഉണ്ടെന്നുവരികിൽ എന്തു ശിക്ഷയാണു;

(സി) ഏതാണു ശിക്ഷ നൽകാറുള്ളതു;

(ഡി) മേൽവിലാസം എപ്പോഴും വിശദമായിരിക്കണമെന്നു വല്ല നിയമവുമുണ്ടോ;

(ഇ) ഉണ്ടെന്നുവരികിൽ ആയതിൻെറ ഒരു കോപ്പി മേശപ്പുറത്തു വെക്കാമോ?

റാവുസാഹിബ്ബു് കെ. അയ്യപ്പൻ:

(എ) ഇല്ല.

(ബി & സി) ഉത്തരം ആവശ്യമില്ല.

(ഡി) ഉണ്ടു്. അഞ്ചൽ ഗയിഡ് പുസ്തകം നോക്കുക.

(ഇ) അതിൻെറ ഒരു കോപ്പി മേശപ്പുറത്തു വെച്ചിട്ടുണ്ടു്.

MEMORANDUM FROM THE COIR WORKERS' UNION

393. ചൌധരി ജി. എസ്സു്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) കൊച്ചിയിലെ കയർ തൊഴിലാളി യൂണിയൻെറ വല്ല മെമ്മോറാണ്ടവും ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെണ്ടു് അതിനെക്കുറിച്ചു് എന്തുചെയ്തു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) മെമ്മോറാണ്ടത്തെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണറിപ്പോർട്ട് ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

TECHNOLOGICAL STUDIES—SELECTION OF CANDIDATES

394. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) സർ അഴകപ്പചെട്ടിയാരുടെ വകയായി ൪,൦൦൦ക.യും, ൩,൦൦൦ക. യും സ്കോളർഷിപ്പ് നൽകി ഇന്ത്യയിലും ഇംഗ്ലണ്ടിലും ഉപരി വിദ്യാഭ്യാസത്തിനു തിരഞ്ഞെടുക്കപ്പെട്ടവർ ആരെല്ലാം; (ഇന്ത്യയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരേയും ഇംഗ്ലണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവരേയും വെവ്വേറെ കാണിക്കണം)

(ബി) ഏതേതു സാങ്കേതിക വിദ്യാഭ്യാസത്തിനാണ് ഇവരെ അയക്കുവാൻ തീർച്ചയാക്കീട്ടുള്ളത്;

(സി) ഇവർ ഓരോരുത്തരുടേയും ലിറ്ററേറി കാളിഫിക്കേഷൻ, ക്ലാസ്സ് ഇവകൾ എന്തെല്ലാം;

(ഡി) ആകെ എത്ര അപേക്ഷകൾ ഗവണ്മെണ്ടിലേക്ക് ലഭിച്ചിട്ടുണ്ട്;

(ഇ) തിരഞ്ഞെടുക്കപ്പെടാത്ത അപേക്ഷകർ ആരെല്ലാമെന്നും അവർ ഓരോരുത്തരുടേയും ലിറ്ററേറി കാളിഫിക്കേഷൻ, ക്ലാസ്സ് ഇവകൾ എന്തെല്ലാമെന്നും അവർ ഏതേതു ജാതിക്കാരെന്നും പറയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൪,൦൦൦ ക. യുടെ സ്കോളർഷിപ്പ് ഏർപ്പെടുത്തീട്ടുള്ളതു ഇംഗ്ലണ്ടിലൊ മറേറതെങ്കിലും പുറംരാജ്യത്തുള്ള സർവ്വകലാശാലകളിലൊ ഉയർന്ന സാങ്കേതിക വിദ്യാഭ്യാസത്തിനാണ്. അതു മിസ്റ്റർ സി. എം. ജോൺറണി ബി. ഇ., അസിസ്റ്റണ്ട് എഞ്ചിനീയർ അവർകൾക്കു കൊടുത്തു.

൩,൦൦൦ ക. യുടെ സ്കോളർഷിപ്പ് സർ അഴകപ്പചെട്ടിയാരുടെ വകയായി ഏർപ്പെടുത്തീട്ടില്ല. എന്നാൽ ൨,൫൦൦ക. യുടെ മറെറാരു Scholarship ഇന്ത്യയിലെ ഏതെങ്കിലും സർവ്വകലാശാലയിൽ ഉയർന്ന സാങ്കേതിക വിദ്യാഭ്യാസത്തിനു ഏർപ്പെടുത്തീട്ടുണ്ട്. അതു പി. എം. ഗോകുലപാലമേനോനു ബി. എസ്സ്.സി. Inspector of Fisheries അവർകൾക്കു നൽകിയിരിക്കുന്നു.

(ബി) ഗവണ്മെണ്ടിൽനിന്നും സ്കോളർഷിപ്പ് കൊടുത്തു ഒരു പ്രത്യേകവിഷയത്തിൽ പഠിക്കുവാനല്ല അയക്കുന്നതു. Scholarship-നു് അർഹരായവരെ തിരഞ്ഞെടുത്തു അവർക്കിഷ്ടമുള്ള സർവ്വകലാശാലയിൽ ഉപരി പഠനത്തിനു് ഈ Scholarship നൽകുകയാണു് ചെയ്തിരിക്കുന്നതു്. മിസ്റ്റർ സി. എം. ജോൺറണി ഇംഗ്ലണ്ടിലെ ഏതെങ്കിലും സർവ്വകലാശാലയിൽ Mechanised Agricultural Engineering-ൽ ഉപരിപഠനത്തിനു പോകുവാനാണു് ഉദ്ദേശിക്കുന്നതു്.

മിസ്റ്റർ പി. എം. ഗോകുലപാലമേനോൻ കൽക്കത്തയിലെ സെൻട്രൽ ഫിഷറി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഫിഷറിയിൽ ഉപരിപഠനത്തിനു ചേർന്നിരിക്കുന്നു.

(സി) മിസ്റ്റർ സി. എം. ജോൺറണി ബി. ഇ. (മെക്കാനിക്കൽ ബ്രാഞ്ച്) Literary Qualification—ഇൻറർമീഡിയറു—2nd Class.

(ഡി) മിസ്റ്റർ പി. എം. ഗോകുലപാലമേനോൻ ബി. എസ്സ്.സി. (First Class Zoology.)

(ഡി) ൨ ൽ.

(ഇ) വിവരങ്ങൾ കാണിക്കുന്ന ഒരു പട്ടിക മേശപ്പുറത്തു വെച്ചിരിക്കുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇന്നയിന്ന സാങ്കേതിക വിദ്യാഭ്യാസത്തിനു പോകുവാനാണ് സ്ഥാനാർത്ഥികളെ ആവശ്യപ്പെട്ടതെന്നും ആപ്ലിക്കേഷൻസ്സ് ഇൻവയിറ്റ് ചെയ്ത പരസ്യത്തിൽ കാണിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്നയിന്ന സാങ്കേതിക വിദ്യാഭ്യാസത്തിനാണു പോകേണ്ടതു എന്നു അവരുടെ അപേക്ഷയിൽ തന്നെ കാണിച്ചിട്ടുണ്ടായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പരസ്യത്തിൽ ഇന്നയിന്ന സാങ്കേതികവിദ്യാഭ്യാസത്തിനു പോകാനാണ് അപേക്ഷകൾ അയക്കേണ്ടത് എന്നു് കാണിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly